ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ ദുരിതാശ്വാസത്തിന് ചെലവഴിച്ച തുക

651. [874] ശ്രീ. ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ ദുരിതാശ്വാസത്തിന് ഇതുവരെ എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) കേരളത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് കേന്ദ്ര ഗവൺമെന്റിന്റെ നിബന്ധനകൾക്ക് അതീതമായി പരിഗണന നൽകണമെന്ന് സംസ്ഥാന ഗവൺമെന്റ് അഭ്യർത്ഥിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ 238 ലക്ഷം രൂപയും, കോട്ടയം ജില്ലയിൽ 80.75 ലക്ഷം രൂപയും പത്തനംതിട്ട ജില്ലയിൽ 67.75 ലക്ഷം രൂപയും ഇതുവരെ ദുരിതാശ്വാസത്തിന് വേണ്ടി ചെലവഴിച്ചു.

(ബി) ഇല്ല.

ഭവന നിർമ്മാണ പദ്ധതികൾ

652. [876] ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ :
,, കെ. വി. പ്രഭാകരൻ :
,, എം. കെ. കേശവൻ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം തരം ഭവന നിർമ്മാണ പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നത് ;

(ബി) ഇതിൽ ഓരോ ഇനത്തിലും കഴിഞ്ഞ ആറുമാസത്തിനിടയിൽ എത്ര വീടുകൾ പണിയാൻ അനുമതി നൽകി ;

(സി) എത്ര വീടുകളുടെ പണി പൂർത്തിയാക്കി ?

ഉത്തരം

(എ, ബി, സി) വിശദവിവരങ്ങൾ അനുബന്ധമായി † ചേർത്തിട്ടുണ്ട്.

പുനരധിവാസ പദ്ധതിപ്രകാരമുള്ള ഭവനനിർമ്മാണ വായ്പക്കുള്ള പലിശ

653. [877] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനരധിവാസ പദ്ധതിപ്രകാരം സന്നദ്ധസംഘടനകൾ മുഖേന ഭവനനിർമ്മാണ ബോർഡ് പാവപ്പെട്ടവർക്ക് നൽകുന്ന വായ്പതുകക്ക് എത്ര ശതമാനം പലിശയാണ് ഗവൺമെന്റ് ഈടാക്കുന്നത് ;

(ബി) ഇതിൽ സബ്സിഡി ഇനമെത്രയാണ് ;

† അനുബന്ധം 1

LIBRARY ARCHIVES Kerala Legislative Assembly

(സി) അവസാന ഗഡു പൂർത്തീയാക്കിയ ഗുണഭോക്താക്കൾക്ക് വായ്പാതുകയിൻമേലുള്ള പലിശ ഗവൺമെൻറ് നേരത്തെ പ്രഖ്യാപിച്ചതിൻെറ ഇരട്ടിയായി ഈടാക്കാൻ ബോർഡ് നോട്ടീസ് നൽകിയവിവരം സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതു സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 9.75 ശതമാനം പലിശയാണ് ഈടാക്കുന്നത്.

(ബി, സി, ഡി) വായ്പ നൽകുന്നത് 9.75 ശതമാനം പലിശയ്ക്കാണെങ്കിലും ഇത് ലഭിക്കുന്നത് ഇതിൽ കൂടുതലും കുറഞ്ഞതുമായ വിവിധ നിരക്കുകളിലാണ്. അതിനാൽ ഒരു പൊതു സബ്സിഡി ഇതിനകത്തുണ്ടാകും. കൃത്യമായി എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടില്ല. ആദ്യം നിശ്ചയിച്ച പലിശതന്നെയാണ് ഈ പദ്ധതി പ്രകാരം ഈടാക്കുന്നത്.

ദുർബലവിഭാഗക്കാർക്ക് വീടുവച്ചുകൊടുക്കുന്നത് സംബന്ധിച്ച്

654. [878] ശ്രീ. കെ. രാഘവൻ മാസ്റ്റർ :
,, എ. സി. ജോസ് :
,, കെ. കെ. തോമസ് :
,, പന്തളം സുധാകരൻ :
,, ടി. പി. പീതാമ്പരൻ മാസ്റ്റർ :
,, ടി. എച്ച്. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം ദുർബലവിഭാഗങ്ങൾക്ക് എത്ര വീടുകളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) അതിൽ എത്രവീടുകൾ നിർമ്മിക്കുവാൻ നടപടി സ്വീകരിച്ചു ;

(സി) അവയിൽ പണി പൂർത്തിയായവ എത്ര ;

(ഡി) ഗാന്ധിജയന്തി ദിവസം എത്ര പേർക്കുള്ള താക്കോൽദാനം നിർവ്വഹിച്ചു ;

(ഇ) ബാക്കിയുള്ളവ പൂർത്തിയാകാതിരിക്കുന്നതിൻെറ കാരണമെന്ത് ;

(എഫ്) ബാക്കിയുള്ള വീടുകൾ മുഴുവൻ ഈ സാമ്പത്തികവർഷം പൂർത്തിയാക്കുമോ ;

(ജി) ഇപ്പോൾ, ഇതിന് നിശ്ചയിച്ചിരിക്കുന്ന 6,000 രൂപ അപര്യാപ്തമാണെന്നു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എച്ച്) പ്രവൃത്തിക്കുള്ള തുക കൂട്ടി കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഐ) ഈ പദ്ധതി പട്ടയമില്ലാത്ത കൈവശഭൂമികളും താമസിക്കുന്നവർക്ക് വില്ലേജ് ഓഫീസറുടെ കൈവശാവകാശ സർട്ടിഫിക്കറ്റിൻെറ അടിസ്ഥാനത്തിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1986-87-ൽ ഉദ്ദേശം 1,90,000 വീടുകളുടെ പണി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) 1,90,000 വീടുകളുടെയും പണികൾ ഈ സാമ്പത്തിക വർഷംതന്നെ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly